കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണം

273(1344) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിലെ കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് പുനരുദ്ധാരണത്തിനുള്ള തുക അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട്-ബാലുശ്ശേരി റോഡിൽ പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

വടവത്തൂർ പാലം പുനർനിർമ്മാണം

274(1345) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ വെള്ളൂർ-പാടിയോട്ടുചാൽ പുളിങ്ങോം റോഡിലെ വടവത്തൂർ പാലം പുനർനിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ വെള്ളൂർ പാടിയോട്ടുചാൽ പുളിങ്ങോം റോഡിലെ വടവത്തൂർ പാലം പുനർനിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പാലങ്ങളുടെ നവീകരണം

275(1346) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-ഷൊർണ്ണൂർ റോഡിൽ ടൗണിനോട് ചേർന്നുകിടക്കുന്ന ഒറ്റപ്പാലം പാലവും, കണ്ണിയംപുറം തോട്ട് പാലവും കാലപ്പഴക്കത്താൽ ദുർബലമായതും, വീതികുറഞ്ഞ് ഇടുങ്ങിയതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly